## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1685** — 21.01.2014-ൽ മറുപടിക്ക്

## ചേലക്കര നാളീകേര ബയോപാർക്ക്

| ചോദ്യം<br>ശ്രീ.കെ.രാധാകൃഷ്ണൻ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) ചേലക്കര നിയോജക മണ്ഡലത്തിൽ നാളീകേര ബയോപാർക്ക് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ: | ബി) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ സ്ഥലനിർണ്ണയ കമ്മിറ്റി സെൻട്രൽ റീജിയണിൽ തൃശ്ശൂരിലെ ചേലക്കരയിലുള്ള ജില്ലാ കൃഷിത്തോട്ടത്തിൽ കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കാൻ നിർദ്ദേശിക്കുകയും പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായി കോക്കനട്ട് ബയോപാർക്കിനും റൈസ് ബയോപാർക്കിനും പൊതുവായി മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷനും /ബൈലോയും രൂപീകരിക്കുകയും പ്രധാന തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്)നം .170/2013/കൃഷി തീയതി 24/05/2013 പ്രകാരം അഗ്രി ബയോപാർക്ക് രജി.നമ്പർ TVM/TC/957/2013 തീയതി 23/08/2013 പ്രകാരം തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞിട്ടുണ്ട്. |
| സി) പ്രസ്തുത നാളീകേര ബയോപാർക്ക് നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ:<br><br>ഡി) ഈ സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് തുടങ്ങുമെന്ന് പറയാമോ? | സി) & ഡി) കോക്കനട്ട് ബയോപാർക്കിന്റെ സ്ഥാപനത്തിന് 1500 ലക്ഷം രൂപ 2012-13 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും റൈസ് ബയോപാർക്കിന്റെയും കോക്കനട്ട് ബയോ പാർക്കിന്റെയും പ്രവർത്തനങ്ങൾക്കാവശ്യമായ തുക അനുവദിക്കുന്ന തിന് നടപടി സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**